മലയാള മനോരമ
ESTABLISHED 1888
09 January 2018



കടലിൽ നടത്തുന്ന കൂടുമൽസ്യക്കൃഷി.

# കടലിലെ കൂടുമൽസ്യക്കൃഷി; തൊഴിലാളികൾക്ക് പരിശീലനം നൽകും

കൊച്ചി • കടലിൽ കൂടുമൽസ്യക്കൃഷി വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രം (സിഎംഎഫ്ആർഐ) മൽസ്യത്തൊഴിലാളികൾക്കു പരിശീലനം നൽകും. രാജ്യത്തെ എല്ലാ തീരസംസ്ഥാനങ്ങളിലെയും തൊഴിലാളികളെ ഉപയോഗപ്പെടുത്തി കൂടുകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായാണു പരിശീലനം.

ഹൈദരാബാദ് ആസ്ഥാനമായ നാഷനൽ ഫിഷറീസ് ഡവലപ്മെന്റ്ബോർഡിന്റെ(എൻഎഫ്ഡിബി) സാമ്പത്തിക സഹായത്തോടെയാണു പദ്ധതി. പരിശീലനം പൂർത്തിയാക്കുന്നവർക്കു സിഎംഎഫ്ആർഐ സർട്ടിഫിക്കറ്റ് നൽകും.

ദേശീയ സമുദ്രമൽസ്യക്കൃഷി നയം പ്രാബല്യത്തിൽ വരുന്നതോടെ കടലിൽ കൂടുമൽസ്യക്കൃഷി സംരംഭങ്ങൾ വ്യാപകമാകുമെന്നാണു പ്രതീക്ഷ. വൻതോതിൽ കൂടുകൃഷി നടത്തുന്നതിന് അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കു സിഎംഎഫ്ആർഐയുടെ സർട്ടിഫിക്കറ്റ് തൊഴിലാളികൾക്കു സഹായകമാകും.

സിഎംഎഫ്ആർഐ കൊച്ചി കേന്ദ്രത്തിൽ 29 മുതൽ 31 വരെ നടക്കുന്ന പരിശീലന പരിപാടിയിൽ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്കു പങ്കെടുക്കാം.

കൂടുനിർമാണം, കൃഷി ചെയ്യുന്നതിനുള്ള സ്ഥലനിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മൽസ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ് തുടങ്ങിയ മേഖലകളിലാണു പരിശീലനം.

20നു മുൻപ് ആദ്യം റജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം. പങ്കെടുക്കുന്നവർക്കു യാത്രാച്ചെലവും ഭക്ഷണവും നൽകും. ഫോൺ: 0484 2394867.